(ഐ) സഹകരണ നിയമം 65-ാം വകുപ്പ്പ്രകാരമുള്ള അന്വേഷണത്തിൽ 3 വർഷത്തെ പ്രവർത്തനത്തെ സംബന്ധിച്ചാണ് വിശദ പരിശോധന നടത്തിയത്. ഈ അന്വേഷണത്തിൽ കണ്ടെത്തിയ ധന ദുർവിനിയോഗത്തെ സംബന്ധിച്ച് 65-ാം വകുപ്പ് പ്രകാരമുള്ള അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

എടക്കാട് ബ്ലോക്ക് എക്സ് സർവ്വീസ് മെൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

112 (954) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എ) കണ്ണൂർ ജില്ലയിലെ എടക്കാട് ബ്ലോക്ക് എക്സ് സർവ്വീസ് മെൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് പ്രവർത്തന പരിധി ഒഴിവാക്കി രജിസ്ട്രേഷൻ നടത്തുന്നതിനുള്ള അനുമതി ആവശ്യപ്പെട്ടിട്ടുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) എക്സ് സർവ്വീസ്മെൻസ് സഹകരണ സംഘത്തെ വകുപ്പ് 7(1)'സി' യിൽ നിന്ന് ഒഴിവാക്കി ഒരു 'വികസന ബ്ലോക്ക്' പ്രവർത്തന പരിധിയായി സംഘം രജിസ്റ്റർ ചെയ്തു വിജയകരമായി നടത്തുവാൻ സാധ്യത ഇല്ലാത്തതിനാൽ വകുപ്പു 7(1) 'സി' യിൽ നിന്ന് ഒഴിവാക്കുവാൻ നിർവാഹമില്ല എന്ന് പരാതിക്കാരനെ അറിയിച്ചിട്ടുണ്ട്.

(3) വൈകിക്കിട്ടിയ ഉത്തരങ്ങൾ

ലോകബാങ്ക് സഹായമുള്ള വൻകിട ജലസേചനപദ്ധതികൾ

113 (846) ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൻകിട ജലസേചനപദ്ധതിക്കായി ലോകബാങ്ക് സഹായം ലഭ്യമായിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(സി) വൻകിട ജലസേചനപദ്ധതികളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്താത്തതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ സർക്കാർ പുതുതായി എത്ര ഹെക്ടർ സ്ഥലത്തേയ്ക്ക് ജലസേചനസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly